നം. ബിബി3/10101/2020

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 20/03/2020.

പ്രേഷിതൻ

ജോയിന്റ് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം- എസ്.എസ്.എൽ.സി ബുക്കിലെ ജാതി സംബന്ധിച്ചുള്ള തെറ്റുകൾ തിരുത്തുന്നത് - സംബന്ധിച്ച്-

സൂചന:- പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 06/12/2019 ലെ ബി.സി.ഡി.ഐ.ആർ/എ3/366/2019 നമ്പർ കത്ത്

സൂചന കത്ത് പ്രകാരം മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിൽ ഒ.ബി.സി എന്ന് ചേർക്കുന്നതിന് പകരം ഒ.ഇ.സി എന്ന് രേഖപ്പെടുത്തുന്ന പ്രവണത നിലനിൽക്കുന്നതായി സൂചിപ്പിച്ചിരിക്കുന്നു. ഒ.ഇ.സി വിഭാഗത്തിലുള്ള എല്ലാ ജാതികളും ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഒ.ഇ.സി എന്ന് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതുമൂലം പിന്നീടുള്ള പഠന, ഉദ്യോഗ ആവശ്യങ്ങൾക്കായി സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോൾ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി കോളത്തിൽ ഒ.ബി.സി എന്ന് മാത്രമേ ചേർക്കാൻ പാടുള്ളൂ എന്നറിയിക്കുന്നു.

ഈ വിവരം എല്ലാ പ്രഥമാദ്ധ്യാപകരെയും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് കമ്മീഷണർ